കരാറിലെത്താൻ ഇതേവരെ കഴിഞ്ഞിട്ടില്ല. 28-8-1985-ൽ ഈ യൂണിയനു കൾക്ക് അപ്പാർഡ്യുകൾ റദ്ദ് ചെയ്യുന്നതിനുള്ള നോട്ടീസ് നൽകി. അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ, 12-9-1985-ൽ യൂണിയൻ നേതാക്കളെ അറിയിച്ചിട്ടുള്ളതാണ്. അതിനിടയിലാണ് 13 യൂണിയനുകൾ 7 ഡിമാൻറുകൾ ഉന്നയിച്ചുകൊണ്ട് 19-ാം തീയതി മുതൽ അനിശ്ചിത കാലത്തേക്ക് പണിമുടക്ക് പ്രഖ്യാപിച്ചത്. ഉടൻതന്നെ ഞാൻ യൂണിയൻ നേതാക്കളെ വിളിച്ചു കൂട്ടുകയും സമരം പിൻവലിക്കണമെന്ന് അവരോട് അഭ്യർത്ഥിക്കുകയും ചെയ്തു. അത് വിജയപ്രദമാകാത്തതുകൊണ്ട് 16-9-1985 രാവിലെ 11 മണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്യുകയും ഒരു ധാരണയിൽ എത്തി. സമരം പിൻവലിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യൂണിയൻ നേതാക്കളോട് അഭ്യർത്ഥിക്കുകയും ചെയ്തു, വിശദമായി ചർച്ച ചെയ്തതിനുശേഷമാണ് മുഖ്യമന്ത്രി യൂണിയൻ നേതാക്കളോട് സമരം പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചത്. പാവപ്പെട്ട പൊതുജനങ്ങളെ ഉപദ്രവിക്കാതിരിക്കുന്ന കാര്യത്തിൽ ഗവൺമെൻറിനെ സഹായിക്കണമെന്നാണ് പറഞ്ഞത് ഗവൺമെൻറിന് കെ. എസ്. ആർ. ടി. സി. തൊഴിലാളികളെ ഉപദ്രവിക്കണമെന്ന് യാതൊരു നിർബന്ധവുമില്ല. ഇനിയും അവരുമായി സംസാരിക്കുന്നതാണ്. ഈ സമരം അവർ പിൻവലിക്കുമെന്നാണ് ഗവൺമെൻറിന്റെ വിശ്വാസം.

(2) ശ്രീ. എ സി.. ജോസിന്റെ—സ്റ്റാർ ഇൻഡസ്ട്രീസിലെ സമരം

ശ്രീ. എ. സി. ജോസ്: സർ, കേരളത്തിലെ ഒരു പുതിയ പൊതു മേഖലാസ്ഥാപനമായ സ്റ്റാർ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ കീഴിലുള്ള മൂന്ന് യൂണിറ്റുകളിൽ ഇന്നു പണിമുടക്ക് നടക്കുകയാണ്. തൃശ്ശൂർ, കോഴിക്കോട്, ചേർത്തല ഈ യൂണിറ്റുകളിലെ ഗുഴുവൻ തൊഴിലാളികളും ആഗസ്റ്റ് അഞ്ചാം തീയതി മുതൽ അനിശ്ചിതകാല പണിമുടക്ക് നടത്തിവരുകയാണ്. ലേബർ കമ്മീഷണർ അടക്കമുള്ള ആളുകൾ ബന്ധപ്പെട്ടുകൊണ്ടുള്ള 12 കോൺഫറൻസുകൾ നടന്നു. ഈ 12 കോൺഫറൻസുകളിലും അവിടത്തെ തൊഴിലാളി യൂണിയനുകൾ മുന്നോട്ടു വച്ചിട്ടുള്ള ആവശ്യങ്ങളുടെ നേരേ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കുന്നതിന് മാനേജ്മെൻറ് ഡിപ്പാർട്ടുമെൻറ് തയ്യാറാകാത്ത സാഹചര്യത്തിലാണ് യൂണിയനുകൾ കൂട്ടായ സമരം നടത്താൻ നിർബന്ധിതരായിരിക്കുന്നത്. ആഗസ്റ്റ് 5-ാം തീയതി മുതൽ ആരംഭിച്ച സമരം പത്ത്, നാൽപ്പത് ദിവസം കഴിഞ്ഞിട്ടും ഇന്നേവരെ ഒത്തുതീർപ്പിൽ എത്തിക്കുന്നതിനാവശ്യമായ സഹായകരമായ നിലപാട് മാനേജ്മെൻറ് സ്വീകരിച്ചിട്ടില്ല. അവരോട് സംസാരിക്കാൻ പോലും തയ്യാറില്ലാത്ത ഒരു നിലപാടാണ് മാനേജ്മെൻറും ഡിപ്പാർട്ട്മെൻറും സ്വീകരിച്ചിട്ടുള്ളത്. അവിടെ നടക്കുന്ന ധൂർത്തിനെക്കുറിച്ചും അവിടത്തെ മാനേജ്മെൻറ് സ്റ്റാഫിൽപ്പെട്ട ആളുകൾക്ക് ശമ്പളകൂടുതൽ തൈനംദിനമെന്നോണം നൽകി കൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചും ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. എനിക്ക് പൊതുതത്തിൽ അഭ്യർത്ഥിക്കുവാനുള്ളത് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ട് വളരെയേറെ വികസന സാദ്ധ്യതയുള്ള സ്റ്റാർ ഇൻഡസ്ട്രീസ് ലിമിറ്റഡിനെ രക്ഷിക്കുന്നതിനും അവിടത്തെ തൊഴിലാളികളെ രക്ഷിക്കുന്നതിനും ആവശ്യമായ അനുരഞ്ജനമനോഭാവത്തോടുകൂടിയുള്ള ഒരു സമീപനം സ്വീകരിച്ച് ആ സമരം അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): കേരളാ സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ സമരത്തെ സംബന്ധിച്ചിടത്തോളം മാനേജ്മെന്റും ഗവൺമെന്റും അനുഭാവ ശൂന്യമായ നിലപാടാണ് കൈക്കൊള്ളുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഞാൻ ആദ്യമായി നിഷേധിക്കുന്നു. നിരവധി ചർച്ചകൾ നടത്തിയതുതന്നെ ഇത് രമ്യമായി ഒത്തുതീർപ്പിൽ എത്തിക്കാനാണ്. ചർച്ചകൾ പലപ്പോഴും പല ഘട്ടങ്ങളിലും പല സന്ദർഭങ്ങളിലും നടന്നിട്ടുണ്ട്. ഏതാണ്ട് 300 ശതമാനത്തോളം വേതന വർദ്ധനവാണ് ആദ്യമായി തൊഴിലാളി യൂണിയനുകളിൽ ചിലർ ചോദിച്ചത് അത് കുറഞ്ഞ്, 38 ശതമാനമായിട്ടാണ് ഇപ്പോൾ കാണുന്നത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം വേതനം എത്രയധികം കൊടുക്കാമെന്നുള്ളതിനെ സംബന്ധിച്ച് ചില കാഴ്ചപ്പാടും ചില റഗുലേഷൻസും ഉണ്ട്. അതനുസരിച്ച് 15 ശതമാനം വർദ്ധിപ്പിച്ച് കൊടുക്കാമെന്ന് മാനേജ്മെന്റിനുവേണ്ടിയിട്ട് മുൻകൂട്ടി പറഞ്ഞിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് ഒരു യോഗം ഇന്നും നടക്കുന്നുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മെമ്പറോട് പറയുവാനുള്ളത്, ഇക്കാര്യത്തിൽ വളരെ ക്രിയാത്മകമായ ഒരു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്, ഇതൊരു പുതിയ വ്യവസായമാണ്. ഇത് നിലനിൽക്കാനും വികസിപ്പിക്കാനും എല്ലാവിഭാഗത്തിന്റെയും സഹായം കിട്ടാൻവേണ്ടി, ഇന്ന് നടക്കുന്ന ചർച്ചയിൽ രമ്യമായ ഒത്തുതീർപ്പ് ഉണ്ടാക്കാൻ വേണ്ടി ബഹുമാനപ്പെട്ട മെമ്പർ പ്രതിനിധീകരിക്കുന്ന വിഭാഗത്തിന്റെയും സഹായമുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന.

(3) ശ്രീ. കെ. പി. അരവിന്ദാക്ഷന്റെ—കുന്നംകുളത്തെ അച്ചടി—ബൈൻറിംഗ് കുടിൽ വ്യവസായത്തെ വിൽപ്പന നികുതിയിൽ നിന്ന് ഒഴിവാക്കണമെന്ന്

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: ഇന്ത്യാ രാജ്യത്തിൽ വെച്ച് ഏറ്റവും വലിയ നോട്ട്ബുക്ക് നിർമ്മാണ കേന്ദ്രമായിരുന്നു കുന്നംകുളം. ഒരു കുടിൽ വ്യവസായമെന്ന നിലയ്ക്ക് കാര്യമായി നടന്നുവന്നിരുന്ന ഒരു വ്യവസായമാണത്. പക്ഷേ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ച നയത്തിന്റെ ഫലമായി ഇവിടെ ഉണ്ടാക്കുന്ന നോട്ടുബുക്കുകൾ ഇതര സംസ്ഥാനങ്ങളിലേക്ക് പോവുക എന്നുള്ളത് മാറി മറിച്ച് സംസ്ഥാനങ്ങളിൽ നിന്ന് നോട്ട്ബുക്ക് നമ്മുടെ സംസ്ഥാനത്ത് വരുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഇതിന്റെ ഫലമായി മുന്നൂറോളം കുടിൽ വ്യവസായ യൂണിറ്റുകളും അതുമായി ബന്ധപ്പെട്ടിരിക്കുന്ന അയ്യായിരത്തോളം തൊഴിലാളികളും ഇന്ന് വളരെ കഷ്ടത്തിലാണ്. ഈ വ്യവസായത്തെ രക്ഷിക്കുന്നതിനാവശ്യമായ രീതിയിൽ കുറഞ്ഞ വിലയ്ക്ക് കടലാസും മറ്റും കിട്ടുന്നില്ലായെന്നുമാത്രമല്ല, നമ്മുടെ സംസ്ഥാനത്ത് മാത്രമാണ് ഇതിന് ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളത്. ഗവൺമെന്റിനാണെങ്കിൽ കാര്യമായ വരുമാനം ഇതുകൊണ്ട് വരുന്നുമില്ല. അതുകൊണ്ട് ഇതര സംസ്ഥാനങ്ങളിൽനിന്ന് നോട്ട്ബുക്ക് വരുന്നത് തടസ്സപ്പെടുത്തുന്നതിനും ഇതിന് ടാക്സ് ഒഴിവാക്കി കൊടുക്കുന്നതിനും ഈ ഗവൺമെന്റ് ഒരു സമീപനം കൈക്കൊണ്ടാൽ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെയും ഈ വ്യവസായത്തേയും രക്ഷിക്കാൻ കഴിയും. അതിനാവശ്യമായ ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly